"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള ഭരണനിർവ്വഹണത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ജീവനക്കാരുടെ വേതനം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2023/BCDD തീയതി,തിരുവനന്തപുരം, 28-03-2023

---

പരാമർശം:-
1. സ.ഉ(സാധാ)നം.18/2023/പിവിവിവ തീയതി.17.02.2023.
2. പിന്നാക്കവിഭാഗവികസനവകുപ്പ് ഡയറക്ടറുടെ 24.03.2023 ലെ ബി.സി.ഡി.ഐ.ആർ/114/2023-എ1 നം. കത്ത്.

**ഉത്തരവ്**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ OBC, EBC പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരമുള്ള തുടർനടപടികൾ വേഗത്തിലാക്കി ആനുകൂല്യ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പ് ഡയറക്ടറേറ്റിൽ താൽക്കാലികമായി 2 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിലവിലെ ചട്ടപ്രകാരം പരമാവധി 179 ദിവസത്തേക്ക് നിയോഗിക്കുന്നതിനു പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

PM YASASWI OBC, EBC പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ പരിഷ്കരിച്ച കേന്ദ്രമാനദണ്ഡ പ്രകാരം ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭരണനിർവ്വഹണത്തിനായി 1% തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയുള്ളതിന് വിധേയമായി പരാമർശം 1 പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാർക്കുള്ള വേതനം നടപ്പ വർഷംതന്നെ നൽകേണ്ടതുള്ളതിനാൽ ആയതു 2225-03-277-96-12 (പ്ലാൻ) ശീർഷകത്തിൽനിന്നും അനുവദിക്കണമെന്നും 2023-24 വർഷത്തെ വേതന വിതരണം 2225-03-277-84-1-12 (പ്ലാൻ) ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിനും അനുമതി നൽകണമെന്നും പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര പ്ലാറ്റ്ഫോമായ PFMS മുഖേന പ്രസ്തുത വിതരണം സാധ്യമാക്കുന്നതിന് ക്രമീകരണങ്ങൾ PFMS സംസ്ഥാന വിംഗുമായി സജ്ജീകരിക്കുന്നതാണെന്നും വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാർക്കുള്ള വേതനം നടപ്പ വർഷംതന്നെ നൽകേണ്ടതുള്ളതിനാൽ ആയത് 2225-03-277-96-12 (പ്ലാൻ) ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിനും 2023-24 വർഷത്തെ വേതന വിതരണം 2225-03-277-84-1-12 (പ്ലാൻ) ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിനു ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

കേന്ദ്ര പ്ലാറ്റ്ഫോമായ PFMS മുഖേന പ്രസ്തുത വേതന വിതരണം സാധ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ PFMS സംസ്ഥാന വിംങുമായി സജ്ജമാക്കുന്നതിനു വകുപ്പ് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJEE.V.G
അണ്ടർ സെക്രട്ടറി

ഡയറക്ടർ,പിന്നാക്കവിഭാഗവികസനവകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്),കേരള,തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ,വെള്ളയമ്പലം,തിരുവനന്തപുരം.ഇൻഫർമേഷൻ ഓഫീസർ,വെബ് &ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ